ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളിക്ഷേമനിധി ഫണ്ടിലേക്ക് എന്ത് തുക പിരിഞ്ഞുകിട്ടുന്നുണ്ട്;

(ബി) തൊഴിലാളികൾ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, തൊഴിലുടമകൾ, വിൽപ്പനക്കാർ, കയറ്റുമതിക്കാർ എന്നീ ഓരോ വിഭാഗങ്ങളിൽനിന്നും എന്ത്തുക വീതം പിരിഞ്ഞുകിട്ടുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ തുക പിരിച്ചെടുക്കുന്നതിനുള്ള ബുദ്ധിമുട്ടെന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)വിവിധ വിഭാഗങ്ങളിൽ നിന്നും ക്ഷേമനിധിവിഹിതയിനത്തിൽ 287 ലക്ഷം രൂപാ പിരിഞ്ഞുകിട്ടാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

സ്വയംതൊഴിൽ ചെയ്യുന്നവർ	-	7 ലക്ഷം രൂപ
തൊഴിലാളികൾ	-	5 ലക്ഷം രൂപ
കയർ വ്യവസായസംഘങ്ങൾ	-	10 ലക്ഷം രൂപ
തൊഴിൽ ഉടമകൾ	-	10 ലക്ഷം രൂപ
വ്യാപാരികൾ	-	30 ലക്ഷം രൂപ
കയറ്റുമതിക്കാർ	-	225 ലക്ഷം രൂപ
	ആകെ	287 ലക്ഷം രൂപ

(സി) 1998-ലെ കയർതൊഴിലാളി ആക്ടിലെ ഭേദഗതിപ്രകാരം കയറ്റുമതിക്കാരിൽനിന്നും ലഭിക്കുവാനുള്ള കുടിശ്ശിക 20 ത്രൈമാസിക തവണകളായി 5 വർഷംകൊണ്ട് അടച്ച് തീർക്കുന്നതിന് സാവകാശം നൽകിയിട്ടുണ്ട്. അതുകൊണ്ടാണ് 01-10-1989 മുതൽ 30-09-1997 വരെയുള്ള കാലയളവിൽ കയറ്റുമതിക്കാർ അടയ്ക്കുവാനുള്ള 225 ലക്ഷം രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്. നിശ്ചിതകാലയളവിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതാണ്. കയർ സഹകരണസംഘങ്ങൾ, തൊഴിലുടമകൾ, വ്യാപാരികൾ എന്നിവരിൽനിന്നും കിട്ടാനുള്ള കുടിശ്ശികത്തുകയായ 50 ലക്ഷം രൂപാ ഈടാക്കുന്നതിന് റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ ലഭിക്കാത്തതുകൊണ്ടാണ് അവർ കുടിശ്ശിക വരുത്തിയിട്ടുള്ളത്. ഇവരിൽ നിന്നും കുടിശ്ശികത്തുക ഈടാക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

ചികിത്സ, വിദ്യാഭ്യാസം, വിവാഹം എന്നിവയ്ക്ക് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ

67 (3468)ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. ബി. വിജയകുമാർ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ചികിത്സ, വിദ്യാഭ്യാസം, വിവാഹം എന്നിവയ്ക്ക് ആനുകൂല്യങ്ങൾക്ക് എത്ര അപേക്ഷകളിൽ ഇപ്പോൾ തീർപ്പ് കൽപ്പിക്കാനുണ്ട്;

(ബി) ഈ അപേക്ഷകൾക്ക് എത്ര പഴക്കമുണ്ട്?

ഉത്തരം

(എ) ചികിൽസാ സഹായത്തിന് 868-ഉം, വിവാഹ ആനുകൂല്യങ്ങൾക്കുള്ള 10651-ഉം അപേക്ഷകൾ ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇവ 1.4.98 മുതലുള്ളവയാണ്.

അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

68 (3469)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇപ്പോൾ എത്ര തൊഴിലാളികൾ അംഗങ്ങളായി ഉണ്ട്;

(ബി) പ്രസ്തുത തൊഴിലാളികളെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ബോർഡിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുവാൻ കഴിയുമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള പരിഹാരം എന്താണ്;

(ഡി) ബോർഡിൽ നിന്നും എത്ര തൊഴിലാളികൾ പിരിഞ്ഞുപോയിട്ടുണ്ട്;

(ഇ) പ്രസ്തുത തൊഴിലാളികളുടെ ആനുകൂല്യങ്ങളും, അവർ അടച്ച സംഖ്യ, പെൻഷൻ ഫണ്ട്, പലിശ എന്നിവയെല്ലാം തിരിച്ചുകൊടുത്തിട്ടുണ്ടോ; ഇനി എത്ര തുക കൊടുക്കാനുണ്ട്; ഇവ മടക്കി കൊടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2035 അംഗങ്ങൾ.

(ബി) പ്രയാസമാണ്.

(സി) ഇതിനുള്ള ഒരു പരിഹാരമായി സംസ്ഥാനത്തെ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്കുവേണ്ടി സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ക്ഷേമനിധി നടത്തിപ്പിനുള്ള ചുമതല കൂടി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഏൽപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 12958 തൊഴിലാളികൾ.

(ഇ) ഉണ്ട്. വിവിധ കോൺട്രാക്ടർമാരിൽ നിന്നും കുടിശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള 1,99,70,236 രൂപയ്ക്കും അതിന്റെ പലിശയും

LIBRARY ARCHIVES Kerala Legislative Assembly